# ആശ്രയമാം ദൈവം

## സങ്കീർത്തനങ്ങൾ 28:9

**''നിന്റെ ജനത്തെ രക്ഷിച്ചു നിന്റെ അവകാശത്തെ അനുഗ്രഹിക്കണമേ; അവരെ മേയിച്ചു എന്നേക്കും അവരെ വഹിക്കണമേ.''**

28 ാം സങ്കീർത്തനം തുടങ്ങുന്നതു തന്നെ യഹോവേ ഞാൻ വിളിച്ചപേക്ഷിക്കുന്നു എന്നുള്ള ഒരു അപേക്ഷയുമായാണ്. തന്റെ നിലവിളി കേൾക്കണമേ എന്ന് ദാവീദ് ദൈവത്തോട് യാചിക്കുകയാണ്. തുടർന്നു വായിച്ചാൽ കാണാം ദൈവം അവിടെ മൗനതയിലിരിക്കുകയാണെന്ന് മനസ്സിലാക്കിയ ദാവീദ് തന്റെ നിലവിളി കേട്ടില്ലാ എങ്കിൽ തനിക്കു വരാവുന്ന ആപത്തിനെക്കുറിച്ച് ദൈവത്തോട് ഒരു ഓർമ്മപ്പെടുത്തൽ നടത്തുകയാണിവിടെ. വാക്യം 6–ലേക്ക് വരുമ്പോൾ ദൈവം തന്റെ യാചനയുടെ ശബ്ദം കേട്ടതായും, യഹോവ തന്റെ ബലവും പരിചയും ആകുന്നു എന്നുള്ള സാക്ഷ്യപ്പെടുത്തലും, തന്റെ ഹൃദയം അവനിൽ ആശ്രയിച്ചപ്പോൾ തനിക്ക് സഹായം ലഭിച്ചു അതിനാൽ തന്റെ ഹൃദയം ഉല്ലസിക്കുന്നു എന്നും; തുടർവചനങ്ങളിൽ ആ ദൈവത്തെ പാടിസ്തുതിക്കുന്നതായും കാണാം.

ഈ സങ്കീർത്തനം രചിക്കുമ്പോൾ ദാവീദിനുണ്ടായിരുന്ന അതേ മനോഭാവം തന്നെയല്ലെ ഇന്നു നമ്മൾ ഓരോരുത്തർക്കും ഉള്ളത്. പല സമയങ്ങളിലും നാം ചിന്തിച്ചു പോയിട്ടില്ലെ ഈ ദൈവം എന്റെ പ്രാർത്ഥന കേൾക്കാത്തത് എന്തുകൊണ്ടാണെന്ന്? ഒരു പക്ഷെ ഒരുപാടു നാളുകളായുള്ള പ്രാർത്ഥനാവിഷയമായിരിക്കും; എന്നാൽ അതിനു ഒരു മറുപടി കിട്ടുന്നില്ല; അപ്പോൾ തോന്നിപ്പോകാം ഈ ദൈവം എന്താ ഇങ്ങനെ മൗനമായിരിക്കുന്നത് എന്ന്. എന്നാൽ സത്യത്തിൽ ദൈവം മൗനമായിരിക്കുന്നത് തന്നെയാ, അത് പക്ഷെ നമ്മുടെ പ്രാർത്ഥന കേൾക്കാത്തത് കൊണ്ടോ അല്ലെങ്കിൽ കേൾക്കാൻ താത്പര്യം ഇല്ലാത്തതു കൊണ്ടോ അല്ല, അവൻ മൗനമായിരുന്നു നമ്മുടെ വഴി ശ്രദ്ധിക്കുകയാണ്.

നാം അവനു വേണ്ടി കാത്ത് കാത്തിരിക്കുന്നുണ്ടോ, നമ്മുടെ വിശ്വാസം അവനിൽ നിന്ന് മാറിപ്പോകുന്നുണ്ടോ, നമ്മുടെ കഷ്ടതയുടെയും പ്രയാസത്തിന്റെയും മദ്ധ്യത്തിൽ നാം അവനു കൊടുക്കേണ്ടുന്ന തക്ക മഹത്വം കൊടുക്കുന്നുണ്ടോ എന്നൊക്കെ നമ്മെ പരിശോധിക്കുകയാണ്. കാരണം ഏതു വിധത്തിൽ ഏതു സമയത്ത് എപ്രകാരം നമ്മുടെ പ്രശ്നങ്ങളിൽ നിന്നു നമ്മെ വിടുവിക്കണം എന്ന് നമ്മുടെ ദൈവത്തിനു നന്നായി അറിയാം, അത് അവൻ തക്ക സമയത്ത് നിവൃത്തിക്കുക തന്നെ ചെയ്യും. നാമായിട്ട് അതിനു തിടുക്കം കാണിക്കാതിരുന്നാൽ മതി.

9 ാം വചനത്തിൽ ദാവീദ്, മക്കൾ അപ്പനോട് എന്ന പോലെ ദൈവത്തോട് ഒരു ഓർമ്മപ്പെടുത്തൽ നടത്തുകയാണ്. നിന്റെ ജനത്തെ രക്ഷിച്ചു നിന്റെ അവകാശത്തെ അനുഗ്രഹിക്കണമെന്നും അവരെ മേയിച്ചു എന്നേക്കും അവരെ വഹിക്കണമെന്നും അപേക്ഷിക്കുന്നു. തങ്ങളെ മേയിക്കുന്ന ഒരു ഇടയനായിരിക്കണമെ എന്നു ദൈവത്തോട് യാചിക്കുകയാണ്. ഇന്നു നോക്കിയാൽ ക്രിസ്തുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിച്ച് അവന്റെ ദാനമായ രക്ഷയെ ഏറ്റെടുത്ത നമ്മളോരോരുത്തരും അവന്റെ ജനമായിത്തീർന്നിട്ടുണ്ട് എന്നുള്ള ഒരു ബോധ്യമുണ്ടെങ്കിൽ ഇന്നു നമുക്കും അവനോട് പറയാൻ കഴിയണം ദൈവമെ നീ ഞങ്ങളുടെ ഇടയനായിരിക്കണമേ എന്ന്. അങ്ങനെ അവനെ നമ്മുടെ ഇടയനായി സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ, ആടുകൾ തങ്ങളുടെ ഇടയനെ എപ്രകാരം അനുസ്സരിക്കുന്നുവോ അതുപോലെ ദൈവത്തോട് അനുസ്സരണമുള്ളവരായിരിക്കണം, അവൻ നയിക്കുന്ന പാതയിൽ സഞ്ചരിക്കുവാനുള്ള മനസ്സുണ്ടാകണം, വഴിതെറ്റിൽ നിന്ന് അവൻ നയിക്കുന്ന പാതയിലേക്ക് കയറി സഞ്ചരിക്കാൻ സാധിക്കണം. എങ്കിൽ അവൻ നമ്മെ നിത്യതയിലേക്ക് വഴി നടത്തുവാൻ മതിയായവനാണ്. അല്ലാത്തപക്ഷം അവന്റെ സ്വരം കേൾക്കാനിട വരാതെ അവന്റെ വഴി വിട്ടകന്ന് അലഞ്ഞുനടക്കാനായിരിക്കും നമ്മുടെ വിധി. അങ്ങനെ നാം നമ്മുടെ വഴിയെ പോയി അവസാനം പ്രശ്നപരിഹാരത്തിനു അവന്റെ സന്നിധിയിലേക്ക് കടന്നു വരുമ്പോൾ ഇടയൻ തന്റെ അനുസ്സരണയുള്ള ആടുകളെയും കൊണ്ട് നല്ല മേച്ചിലിലേക്ക് പോയിക്കഴിഞ്ഞിരിക്കും. അതിനാൽ ഇനിയും കാത്ത് നിൽക്കാൻ സമയമില്ല.

നമുക്കോരോരുത്തർക്കും ദാവീദിനെപ്പോലെ അവന്റെ കരങ്ങളിലേക്ക് നമ്മെ പൂർണ്ണമായി സമർപ്പിക്കാം. അവനെ നമ്മുടെ ഇടയനായി സ്വീകരിച്ച് അവന്റെ പാതയിൽ സഞ്ചരിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**സങ്കീർത്തനങ്ങൾ 28:8**

**യഹോവ തന്റെ ജനത്തിന്റെ ബലമാകുന്നു; തന്റെ അഭിഷിക്തന്നു അവൻ രക്ഷാദുർഗ്ഗം തന്നേ.**

## ബ്രദർ ബിനു ബേബി ആലപ്പുഴ 011